# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/229/2018 2018 ഒക്ടോബർ 27

## എം.ജി. വാർത്താക്കുറിപ്പ്

---

**പ്രാക്ടിക്കൽ**

മൂന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ (ഇന്റലക്ച്വൽ ഡിസെബിലിറ്റി ആന്റ് ലേണിങ് ഡിസെബിലിറ്റി - 2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 12 മുതൽ 16 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**സൂക്ഷ്മപരിശോധന**

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്‌സി. സപ്ലിമെന്ററി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ളവർ ഒക്ടോബർ 29, 30, 31 തീയതികളിൽ സർവകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷാഭവനിലെ ഇ.ജെ. VII സെക്ഷനിൽ (റൂം നമ്പർ 226) തിരിച്ചറിയൽ രേഖ സഹിതം എത്തണം.

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.കോം സപ്ലിമെന്ററി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഒക്ടോബർ 29ന് സർവകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷാഭവനിലെ റൂം നമ്പർ 223ൽ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റും സഹിതം എത്തണം.

**പരീക്ഷാഫലം**

2018 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.സ്., ബി.പി.ഇ. സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 7 വരെ അപേക്ഷിക്കാം.

2017 ഒക്ടോബർ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ്. (ഒരു വർഷം) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 8 വരെ അപേക്ഷിക്കാം.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ